# ആമുഖം

ഭരണഘടനയുടെ ആർട്ടിക്കിൾ 151 (2) പ്രകാരം കേരള നിയമസഭയിൽ വയ്ക്കുന്നതിനായി കേരള ഗവർണ്ണർക്ക് സമർപ്പിക്കാൻ വേണ്ടിയാണ് 2022 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ ഈ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്.

കേരള സർക്കാരിന്റെ കാർഷിക വികസന കർഷകക്ഷേമം, മത്സ്യബന്ധനവും തുറമുഖവും, ഭക്ഷ്യ, സിവിൽ സപ്ലൈസ്, ഉപഭോക്തൃകാര്യം, തൊഴിലും നൈപുണ്യവും, റവന്യൂ, ദുരന്ത നിവാരണം, ജലവിഭവം എന്നിവ ഉൾപ്പെടെയുള്ള വകുപ്പുകളിലും, സ്വയംഭരണ സ്ഥാപനങ്ങളിലും നടത്തിയ അനുവർത്തന ഓഡിറ്റിന്റെ പ്രധാനപ്പെട്ട ഫലങ്ങളാണ് ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

2021-22 കാലയളവിലെ, ടെസ്റ്റ് ഓഡിറ്റിനിടയിൽ ശ്രദ്ധിക്കപ്പെട്ടവയും, മുൻവർഷങ്ങളിൽ ശ്രദ്ധിക്കപ്പെട്ടതും എന്നാൽ മുൻ ഓഡിറ്റ് റിപ്പോർട്ടുകളിൽ റിപ്പോർട്ട് ചെയ്യാൻ കഴിയാതെ പോയതുമായ വിഷയങ്ങളാണ് ഈ റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്നത്. 2021-22-ന് ശേഷമുള്ള കാലയളവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ആവശ്യമുള്ള സ്ഥലങ്ങളിൽ ഉൾപ്പെടുത്തിയിട്ടുമുണ്ട്.

ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഇറക്കിയിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡ്സ് അനുസരിച്ചാണ് ഓഡിറ്റ് നടത്തിയിട്ടുള്ളത്.

റിപ്പോർട്ടിന്റെ മലയാളം പരിഭാഷയിൽ ആശയ വൈരുദ്ധ്യം തോന്നുന്നപക്ഷം ഇംഗ്ലീഷിലുള്ള അസ്സൽ റിപ്പോർട്ടിനെ ആധികാരികമായി കരുതേണ്ടതാണ്.